01/DGE/HSE/NSS/2023


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 05.10.2023

# സർക്കുലർ

വിഷയം : 'മേരി മട്ടി മേരാ ദേശ്' (MMMD) കാമ്പയിന്റെ ഭാഗമായി എൻ.എസ്.എസ്. യൂണിറ്റുതലങ്ങളിൽ സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ-സംബന്ധിച്ച്

സൂചന : (1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/09/2023 ലെ DGE/16369/2023 M4 നമ്പർ സർക്കുലർ

(2) സംസ്ഥാന എൻ.എസ്.എസ്. ഓഫീസറുടെ 02/08/2023 ലെ A1/24/23 എൻ.എസ്.എസ്. നമ്പർ കത്ത്

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികവുമായി ബന്ധപ്പെട്ട് ദേശവ്യാപകമായി സംഘടിപ്പിച്ച 'ആസാദികാ അമൃത് മഹോത്സവ്' കാമ്പയിന്റെ സമാപനപരിപാടിയായ 'മേരി മട്ടി മേരാദേശ്' കാമ്പയിൻ പ്രവർത്തനങ്ങൾ എല്ലാ എൻ.എസ്.എസ്. യൂണിറ്റുകളും സമയബന്ധിതമായി സംഘടിപ്പിക്കേണ്ടതാണ്.

2003 ഒക്ടോബർ മാസം 14 മുതൽ 16 വരെയുള്ള ദിവസങ്ങളിലായി MMMD പ്രവർത്തനങ്ങൾ എല്ലാ യൂണിറ്റുകളും നടപ്പിലാക്കി പൂർത്തിയാക്കേണ്ടതാണ്.

## യൂണിറ്റുതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

1. MMMD കാമ്പയിനുമായി ബന്ധപ്പെട്ട് യൂണിറ്റുതലത്തിൽ വോളന്റിയർമാരുടെ അസംബ്ലി വിളിച്ചുചേർക്കേണ്ടതാണ്. ടി യോഗത്തിൽ പ്രദേശത്തെ ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമര സേനാനികൾ, സൈനികസേവന മേഖലയിൽ സ്തുത്യർഹമായ രീതിയിൽ സേവനം നടത്തിയവർ എന്നിവരെ ആദരിക്കുകയും അവരുടെ അനുഭവങ്ങൾ വോളന്റിയർമാരുമായി പങ്കിടാൻ അവസരമൊരുക്കുകയും വേണം.
2. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രാദേശികമായ മുന്നേറ്റങ്ങളുടെയും വ്യക്തികളുടെയും ചരിത്രം വിദ്യാർത്ഥികളിൽ കൂടുതലായി എത്തിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ യൂണിറ്റുകൾ അതതു ജില്ലാ, ക്ലസ്റ്റർ കൺവീനർമാരുമായി ചേർന്ന് ആലോചിച്ച് യൂണിറ്റുകളിൽ നടപ്പിലാക്കേണ്ടതാണ്. (ജില്ലാ/റീജിയണൽ കൺവീനർമാർ ഇക്കാര്യത്തിൽ യൂണിറ്റുകൾക്ക് ആവശ്യമായ നിർദ്ദേശവും സഹായവും നൽകേണ്ടതാണ്)
3. യൂണിറ്റുതല യോഗത്തിൽ വോളന്റിയർമാർ 'പഞ്ചപ്രാൺ' പ്രതിജ്ഞയെടുക്കേണ്ടതാണ്. പ്രതിജ്ഞ സർക്കുലറിനോടൊപ്പം ചേർത്തിട്ടുണ്ട്.
4. സൂചന (2) കത്തിൽ പരാമർശിക്കുന്ന ഇടങ്ങളിലെ ജില്ലാതലത്തിൽ നിർദ്ദേശിക്കപ്പെടുന്ന യൂണി

'അമൃത് കലശ്' യാത്രകളിൽ പ്രതീകാത്മകമായി ഉപയോഗിക്കാവുന്നതാണ്. പ്രാദേശിക ജന പ്രതിനിധികളുമായികൂടി ആലോചിച്ചും അവരുടെ സഹകരണത്തോടെയും യൂണിറ്റുകളിൽ ഈ പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്.

5. സൂചന (1) സർക്കുലർ പ്രകാരം ദേശഭക്തിയുമായും പ്രാദേശിക വീരജവാന്മാരുമായി ബന്ധപ്പെട്ടുമുള്ള ഉപന്യാസ/ചിത്ര രചനാ മത്സരങ്ങൾ ചെറുനാടകങ്ങൾ/കഥപറയൽ തുടങ്ങിയ മത്സരങ്ങൾ ദേശീയഗാനാലാപന മത്സരങ്ങൾ തുടങ്ങിയവ യൂണിറ്റുതലങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

6. യൂണിറ്റുതലത്തിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ആക്ഷൻ ഫോട്ടോകൾ, വീഡിയോകൾ, ലഘു റിപ്പോർട്ട് എന്നിവ ജില്ലാ/റീജിയണൽ കൺവീനർമാർവഴി എൻ.എസ്.എസ്. സെല്ലിലും എൻ.വൈ.കെ. ജില്ലാ ചുമതലക്കാർക്കും അയച്ചുനൽകേണ്ടതാണ്.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷിക ആഘോഷങ്ങൾ പൂർത്തിയാക്കപ്പെടുമ്പോൾ നൂറ്റാണ്ടുകൾ നീണ്ട സമരപോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത സ്വാന്ത്ര്യം അപകടപ്പെടാതെ സംരക്ഷിക്കുക, സ്വാതന്ത്ര്യസമരത്തെയും അതിൽ പങ്കാളികളായ ധീരരായ ദേശാഭിമാനികളെയും അനുസ്മരിക്കുക, ഇന്ത്യയെന്ന മഹത്തായ സ്വതന്ത്ര, ജനാധിപത്യ, മതേതര രാജ്യത്തെക്കുറിച്ച് അഭിമാനവും രാജ്യസ്നേഹവും യുവാക്കളിൽ വളർത്തുന്നതിനും സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തിലേക്കു രാജ്യം മുന്നേറുമ്പോൾ സുദൃഢവും സ്വയം പര്യാപ്തവും വികസിതവുമായ ഇന്ത്യയുടെ നിർമ്മിതിക്കായി യുവാക്കൾ സ്വയം സമർപ്പിതരാകുവാനും ലക്ഷ്യമിടുന്ന രീതിയിൽ MMMD പ്രവർത്തനങ്ങൾ എൻ.എസ്.എസ്. യൂണിറ്റുകളിൽ സംഘടിപ്പിക്കേണ്ടതാണ്.

ഒപ്പ്
പ്രോഗ്രാം കോ-ഓർഡിനേറ്റർ

## പ്രതിജ്ഞ

ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

- 2047 ഓടെ ഇന്ത്യയെ വികസിതവും സ്വയം പര്യാപ്തവും ആക്കും.
- കൊളോണിയൽ മാനസികാവസ്ഥയുടെ ഏതെങ്കിലും അടയാളം അവശേഷിക്കുന്നുണ്ടെങ്കിൽ അത് നീക്കം ചെയ്യും.
- നമ്മുടെ പൈതൃകത്തെ ആഘോഷിക്കുക.
- ഐക്യം ശക്തിപ്പെടുത്തുകയും രാജ്യത്തെ സംരക്ഷിക്കുന്നവരെ ബഹുമാനിക്കുകയും ചെയ്യണം ഒരു പൗരന്റെ കടമകൾ നിറവേറ്റും.